◆ ലേഖനം

ടി.വി മുഹമ്മദലി

# പ്രചോദനം *തര്‍ജുമാനില്‍*നിന്ന്

**പുതിയകാവ്** പള്ളിയുടെ പരിപാലനത്തിലെ വീഴ്ചകളെച്ചൊല്ലി ഇറങ്ങിപ്പോന്നവരാണ് കാതിക്കോട് പള്ളി നിര്‍മിച്ചത്. വലിയത്ത് വീട്ടില്‍ മുഹമ്മദുണ്ണി മുസ്‌ലിയാരായിരുന്നു നേതൃത്വം നല്‍കിയത്. മലയാളത്തില്‍ ഖുത്വ്ബ നടത്തിക്കൊണ്ട് ജുമുഅയും തുടങ്ങി. അദ്ദേഹം തന്നെയായിരുന്നു ഖത്വീബ്. പിന്നീട് ഉര്‍ദു ഭാഷ അറിയുന്ന കുമരനല്ലൂര്‍ക്കാരന്‍ ഒരു പണ്ഡിതനെ മുദര്‍രിസായി നിയമിക്കുകയും ചെയ്തു. മുഹമ്മദുണ്ണി മുസ്‌ലിയാരും കൂട്ടുകാരും ഉര്‍ദു പഠിച്ചു. മൗലാനാ മൗദൂദിയുടെ പത്രാധിപത്യത്തിലിറങ്ങിയിരുന്ന *തര്‍ജുമാനുല്‍ ഖുര്‍ആന്‍* വരുത്തി വായിക്കാന്‍ തുടങ്ങി. ഉര്‍ദു പഠനത്തിന് പ്രചോദനമായത്, അബുല്‍ അഅ്‌ലാ മൗദൂദിയുടെ രചനകള്‍ വായിച്ചു ഗ്രഹിക്കണമെന്ന ആഗ്രഹമായിരുന്നു. മൗദൂദിയെപ്പറ്റി മുഹമ്മദുണ്ണി മുസ്‌ലിയാര്‍ അറിയുന്നത് വക്കം അബ്ദുല്‍ ഖാദിര്‍ മൗലവിയില്‍നിന്നാണ്. വക്കം മൗലവിയുമൊത്ത് ഒരു വര്‍ഷം ജീവിച്ചിട്ടുണ്ട് മുഹമ്മദുണ്ണി മുസ്‌ലിയാര്‍. വായനാതാല്‍പര്യം അദ്ദേഹത്തെ വക്കത്തേക്കെത്തിക്കുകയായിരുന്നു. വക്കം മൗലവിയുടെ *മുസ്‌ലിം ദീപിക* വായിച്ചാണ് അദ്ദേഹത്തില്‍ ആകൃഷ്ടനാകുന്നത്. *മുസ്‌ലിം ദീപിക*യില്‍ *തര്‍ജുമാനുല്‍ ഖുര്‍ആനി*ല്‍നിന്നും മറ്റും മൗലാനാ മൗദൂദിയുടെ ലേഖനങ്ങള്‍ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. വക്കം അബ്ദുല്‍ ഖാദിര്‍ മൗലവി മുഹമ്മദുണ്ണി മുസ്‌ലിയാരോട് പറഞ്ഞു: "മുസ്‌ലിംകളില്‍ പണ്ഡിതന്മാര്‍ പലരുമുണ്ട്. പക്ഷേ, അബുല്‍ അഅ്‌ലാ മൗദൂദി പണ്ഡിതനുമാണ്, വലിയ ചിന്തകനുമാണ്." മൗദൂദിയെപ്പറ്റി വക്കം മൗലവിയുടെ വിലയിരുത്തല്‍ മുഹമ്മദുണ്ണി മുസ്‌ലിയാരില്‍ മൗദൂദിയെ നേരിട്ട് വായിക്കണമെന്ന വാഞ്ഛ സൃഷ്ടിച്ചു. ഇതിന്റെ ഫലമായിരുന്നു മുഹമ്മദുണ്ണി മുസ്‌ലിയാരുടെയും കൂട്ടാളികളുടെയും ഉര്‍ദു പഠനം.

മുഹമ്മദുണ്ണി മുസ്‌ലിയാര്‍, പുന്നിലത്ത് കുഞ്ഞുമുഹമ്മദ് സാഹിബ്, വല്ലത്തുപടി കുഞ്ഞുമുഹമ്മദ് സാഹിബ്, സെയ്തു സാഹിബ്, പി.ബി അബ്ദുര്‍റഹ്മാന്‍ സാഹിബ് തുടങ്ങിയവരായിരുന്നു ആദ്യമായി രൂപം കൊണ്ട പ്രവര്‍ത്തക യൂനിറ്റിലെ -കൂളിമുട്ടം ഹംദര്‍ദ് ഹല്‍ഖ- അംഗങ്ങള്‍.

### പ്രസംഗങ്ങള്‍ ജനങ്ങളെ സ്വാധീനിക്കുന്നു

പ്രഥമ കേരള അമീര്‍ വി.പി മുഹമ്മദലി ഹാജി ആദ്യമായി ഇവിടെ എത്തിയപ്പോള്‍ കൊടുങ്ങല്ലൂര്‍ ചേരമാന്‍ മസ്ജിദും അവിടെ സ്വഹാബിമാരുടേതെന്ന് കരുതുന്ന ഖബ്‌റിടവും സന്ദര്‍ശിച്ചു. തുടര്‍ന്ന് ഇസ്സുദ്ദീന്‍ മൗലവി, ത്വാഈ മൗലവി, അബുല്‍ ജലാല്‍ മൗലവി, കെ. അബ്ദുസ്സലാം മൗലവി, താജുദ്ദീന്‍ സാഹിബ് എന്നിവരും ഈ മേഖലയില്‍ പ്രസ്ഥാന പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കിയവരാണ്. ജമാഅത്ത് നേതാക്കളുടെ പ്രസംഗങ്ങളും ക്ലാസ്സുകളും ജനങ്ങളില്‍ മതിപ്പും ആവേശവും സൃഷ്ടിച്ചു. ഖാദിയാനി കുഞ്ഞഹമ്മദ് എന്ന വ്യക്തി വഴി കുറേപേര്‍ ഖാദിയാനികളായിരുന്നു കൊടുങ്ങല്ലൂരില്‍. ഇദ്ദേഹം ഖാദിയാനിസത്തെ ചോദ്യം ചെയ്യാന്‍ മീര്‍സാ ഗുലാമിന്റെ അടുത്തു പോയതായിരുന്നു. തിരിച്ചുവന്നത് തികഞ്ഞ ഖാദിയാനി പ്രചാരകനായിട്ടാണ്. ഇദ്ദേഹത്തിന്റെ പ്രചാരണത്തില്‍ വഴിതെറ്റിയവരെ തിരിച്ചുകൊണ്ടുവരാന്‍ എറിയാട്ട് സംഘടിപ്പിച്ച പരിപാടിയില്‍ ഹാജി സാഹിബായിരുന്നു പ്രസംഗകന്‍. തുടര്‍ന്ന് ഖാദിയാനി കുഞ്ഞഹമ്മദ് ഖാദിയാനിസം ഉപേക്ഷിച്ചു.

ഇസ്സുദ്ദീന്‍ മൗലവിയുടെ ക്ലാസ്സുകളും പ്രഭാഷണങ്ങളും ജനങ്ങളെ ആകര്‍ഷിച്ചു. ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കെ. അബ്ദുസ്സലാം മൗലവിയുടെ കന്നി പ്രസംഗം നടക്കുന്നത് എറിയാട്ടാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം പള്ളി ഇമാമുമാരിലും ഭാരവാഹികളിലും ചര്‍ച്ചയായി. പൊതുജനങ്ങളിലും ആലോചനാവിഷയമായി.

### എതിര്‍പ്പുകള്‍ ശക്തിപ്പെടുന്നു

ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം പ്രചരിക്കാന്‍ തുടങ്ങിയതോടെ എതിര്‍പ്പും കനപ്പെട്ടു. കേരള നദ്‌വത്തുല്‍ മുജാഹിദീന്‍, ജമാഅത്തെ ഇസ്‌ലാമിയുടെ വ്യാപനം തടയാന്‍ മലബാറില്‍നിന്ന് മൂന്ന് പ്രമുഖ പണ്ഡിതന്മാരെ അയച്ചു. അവര്‍ ഒരു വെള്ളിയാഴ്ചയാണ് ഇവിടെ എത്തിയത്. അഴീക്കോട്, പേബസാര്‍, മാടവന എന്നീ പള്ളികളില്‍ അവര്‍ ജുമുഅക്ക് കൂടുകയും ജമാഅത്തെ ഇസ്‌ലാമിക്കെതിരില്‍ ജുമുഅാനന്തരം മൂന്നിടത്തും പ്രസംഗിക്കുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമിയുമായി മുസ്‌ലിംകള്‍ ബന്ധപ്പെടരുതെന്നായിരുന്നു അവരുടെ ആഹ്വാനം. മാടവനയില്‍ വഅ്ള് പരമ്പരയും സംഘടിപ്പിക്കുകയുണ്ടായി. മുസ്‌ലിംകള്‍ ജീവിതത്തിന്റെ സര്‍വ തുറകളിലും ഖുര്‍ആനും സുന്നത്തും അടിസ്ഥാനമാക്കി നിലകൊള്ളണമെന്നും ഇസ്‌ലാം സമ്പൂര്‍ണ ജീവിത പദ്ധതിയാണെന്നുമുള്ള ജമാഅത്തിന്റെ പ്രചാരണത്തെ തള്ളിപ്പറഞ്ഞുകൊണ്ടുള്ളതായിരുന്നു പ്രസംഗങ്ങള്‍.

യാഥാസ്ഥിതിക കേന്ദ്രങ്ങളില്‍നിന്നുള്ള എതിര്‍പ്പുകളും ശക്തമായിരുന്നു. ബഹിഷ്‌കരണങ്ങളും കൂക്കിവിളിയും പരിഹാസവുമൊക്കെ വര്‍ധിച്ചുവന്നു. അഴീക്കോട്ടെ ഇര്‍ശാദുല്‍ മുസ്‌ലിമീന്‍ മദ്‌റസയിലെ മുതിര്‍ന്ന വിദ്യാര്‍ഥികളായിരുന്ന കെ.എ ഖാസിം മൗലവി, സി.എ അബ്ദുല്ലക്കുട്ടി മൗലവി എന്നിവര്‍ ഇസ്സുദ്ദീന്‍ മൗലവിയുടെ ക്ലാസ്സുകളും പ്രഭാഷണങ്ങളും കേട്ട് ജമാഅത്ത് ആശയക്കാരായവരായിരുന്നു. ഇവര്‍ക്ക് സ്ഥാപനം പലപ്പോഴും വിലക്കുകളും നിയന്ത്രണങ്ങളുമേര്‍പ്പെടുത്തി. ലോവര്‍, ഹയര്‍ അറബി പരീക്ഷകള്‍ക്ക് പഠിക്കാനും ഉര്‍ദു പഠനത്തിനും പള്ളി ദര്‍സുകളിലേതുപോലെ കിതാബ് ഓതാനും സംവിധാനങ്ങളുണ്ടായിരുന്നു ഈ സ്ഥാപനത്തില്‍. അതുകൊണ്ടുതന്നെ വിദ്യാര്‍ഥികളും അധ്യാപകരും മാറിമാറി വന്നുകൊണ്ടിരുന്നു. പലപ്പോഴും ജമാഅത്ത് അനുഭാവികളായ അധ്യാപകരും വിദ്യാര്‍ഥികളുമുണ്ടാകാറുണ്ട്. അധ്യാപകനായ കുമരനല്ലൂര്‍ സ്വദേശി അഹ്മദ് മൗലവി ജമാഅത്ത് അനുഭാവിയായിരുന്നു. പ്രഫ. കെ.എ മുഹമ്മദലി മാഷെപ്പോലുള്ളവര്‍ അവിടെ വിദ്യാര്‍ഥികളായിരിക്കുമ്പോഴാണ് ജമാഅത്ത് ആശയക്കാരാവുന്ന

ത്. ആലുവ ടി.കെ മുഹമ്മദ് സാഹിബ് ഇവിടെ ബന്ധപ്പെട്ട് ജമാഅത്തിനെ പരിച യപ്പെടുത്തിക്കൊണ്ടിരുന്നു. എങ്കിലും സ്ഥാപനം ശക്തമായ ജമാഅത്ത് വിരോധം പുലർത്തുകയും നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

### പ്രസ്ഥാനം ജനകീയമാകുന്നു

കൊടുങ്ങല്ലൂർ മേഖലയിലെ പ്രഥമ പ്രാദേശിക ജമാഅത്ത് ഘടകത്തിൽ സെയ്തു മുഹമ്മദ് വൈദ്യർ, സി.എ അബ്ദുല്ലക്കുട്ടി മൗലവി, കൊച്ചു മുഹ മ്മദ് സാഹിബ് (മൂവരും അംഗങ്ങൾ) എന്നിവരാണുണ്ടായിരുന്നത്. ഇവരിൽ രണ്ടു പേരും ബീഡിത്തൊഴിലാളികളായി രുന്നു. ജമാഅത്തിന്റെ സന്ദേശം പണ്ഡി തന്മാരിലും പള്ളിക്കമ്മിറ്റികളിലുമെന്ന പോലെ സാധാരണക്കാരിലും തൊഴിലാളി കളിലും ചർച്ചാവിഷയമായി. *പ്രബോധ നവും* ജമാഅത്ത് പുസ്തകങ്ങളും പ്രച രിക്കാൻ തുടങ്ങി. *പ്രബോധനം* തപാൽ വഴി എത്തുന്നതുവരെ കാത്തിരിക്കാൻ ക്ഷമയില്ലാതെ എടയൂരിൽ പോയി പത്ര ക്കെട്ടുകൾ കൈയോടെ കൊണ്ടുവരിക യായിരുന്നു. മതിലകം പി.കെ ബാവു സാഹിബ് ഓരോ ലക്കവും കെട്ടുകൾ വാങ്ങിക്കൊണ്ടുവരും. മുതുവട്ടൂർ, വാടാ നപ്പള്ളി, കൈപ്പമംഗലം, അഴീക്കോട് എന്നിവിടങ്ങളിലെ *പ്രബോധനം* കെട്ടു കൾ അദ്ദേഹമാണ് പോയികൊണ്ടുവരിക. 89-ാമത്തെ വയസ്സിൽ ഇപ്പോഴും *പ്രബോ ധന*വും മറ്റ് ജമാഅത്ത് പ്രസിദ്ധീകരണ ങ്ങളും വിതരണം ചെയ്യുന്നതിൽ ശ്ര ദ്ധപതിപ്പിച്ച് കൈപ്പമംഗലം പള്ളിക്ക് മു ന്നിൽ സ്വന്തം ബുക് സ്റ്റാൾ നടത്തുകയാ ണദ്ദേഹം. വാർധക്യത്താൽ അവശനായി കിടപ്പിലാകുന്നതുവരെ സൈക്കിളിൽ *പ്ര ബോധനം* വിതരണം ചെയ്തിരുന്ന മ റ്റൊരു ദേഹമായിരുന്നു കൈപ്പമംഗലം പി.വി അബ്ദുർറഹ്മാൻ ഹാജി. പണക്കാ രനായിട്ടും സാധാരണക്കാരുമായി ചങ്ങാത്തം കൂടിയും വൃദ്ധനായിട്ടും ചെ റുപ്പക്കാരുടെ തോളിൽ കൈയിട്ടും ഇ സ്ലാമിനെപ്പറ്റിയും ജമാഅത്തിനെപ്പറ്റി യും സംസാരിച്ചുകൊണ്ടിരുന്ന അദ്ദേഹ ത്തിന്റെ പ്രവർത്തനങ്ങൾ വിപുലമായിരു ന്നു. *പ്രബോധനം* ജനങ്ങളെക്കൊണ്ട് വാ യിപ്പിക്കണമെന്ന ഒടുങ്ങാത്ത ആഗ്രഹം കൊണ്ട് ഏജൻസിയെടുത്ത് സൗജന്യമാ യി വിതരണം ചെയ്യുകയായിരുന്നു വൈ പ്പിൻപാടത്ത് മുഹമ്മദ് കുഞ്ഞി സാഹി ബ്. എടവിലങ്ങ് ഖത്വീബായിരുന്ന കുറ്റി പ്പുഴ മുഹമ്മദ് മൗലവി *പ്രബോധന*വും ജമാഅത്ത് സന്ദേശവും ജനങ്ങളിലേക്കെ ത്തിക്കാൻ ഏറെ സൈക്കിൾ ചവിട്ടി സഞ്ചരിച്ച വ്യക്തിയാണ്.

ഈ മേഖലയിൽ ജുമുഅ ഖുത്വ്ബ മാതൃഭാഷയിൽ നിർവഹിക്കുന്നതിന് പൊതുവെ അംഗീകാരമുണ്ടായിരുന്നു. കൊടുങ്ങല്ലൂർ ചേരമാൻ മസ്ജിദ് ഭരണ സാരഥികളും ഖത്വീബുമാരും ഉൽപതി ഷ്ണു വിഭാഗമല്ലാതിരുന്നിട്ടും അവിടെ മലയാളത്തിലാണ് ഖുത്വ്ബ നടത്തിയിരു ന്നത്. മാടവന, പേബസാർ, കാതിയാളം, എടവിലങ്ങ്, കാര, കടപ്പൂര് പള്ളികളി ലെല്ലാം നടന്നിരുന്ന മാതൃഭാഷയിലെ ജുമുഅ ഖുത്ബകൾ ഇസ്‌ലാമിക ബോധവത്കരണം സാധിച്ചെടുക്കുന്ന തിൽ വളരെ സഹായിച്ചു.

### മദ്റസത്തുൽ ബനാത്ത്

എറിയാട് മദ്റസാ വാർഷികയോഗ ത്തിൽ മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി സമാപന പ്രസംഗത്തിൽ ഒരു സങ്കടം നാട്ടുകാരുമായി പങ്കുവെച്ചു. അത് നാട്ടു കാരുടെ ഉള്ളിൽ തട്ടി. മദ്റസാ വിദ്യാഭ്യാ സത്തിനു ശേഷം ഇസ്‌ലാമിക പഠന ത്തിന് നമുക്ക് ഒരു അറബിക് കോളേജ് പോലുമില്ലല്ലോ എന്നായിരുന്നു അദ്ദേഹ ത്തിന്റെ ദുഃഖം. ഈ സങ്കടം പറഞ്ഞ് അദ്ദേഹം കരഞ്ഞുപോയി. ഈ വികാരം നെഞ്ചിലേറ്റിയിരിക്കെയാണ്, മൂവാറ്റുപുഴ യിൽ മദ്റസത്തുൽ ബനാത്ത് തുടങ്ങു ന്നുവെന്ന വാർത്ത നാട്ടുകാരറിയുന്നത്. അതോടെ എറിയാട്ട് ഒരു വനിതാ ഇസ്‌ലാമിയാ കോളേജിനെപ്പറ്റി ആലോ ചന നടക്കുകയും തീരുമാനമാവുകയും ചെയ്തു. അറുപതുകളുടെ തുടക്കത്തിലാ യിരുന്നു അത്. ഖുർആനിലും സുന്ന ത്തിലും അറബിയിലും അവഗാഹം നേ ടിയ ഒരുപറ്റം വനിതകളെ സംഭാവന ചെ യ്ത എറിയാട് മദ്റസത്തുൽ ബനാത്ത് അങ്ങനെയാണ് ഉയിരെടുത്തത്. വനിത കളിലെ ഇസ്‌ലാമിക പാണ്ഡിത്യം സമൂ ഹത്തിന്റെ ഇസ്‌ലാമികവത്കരണത്തിൽ തെല്ലൊന്നുമല്ല സ്വാധീനം ചെലുത്തി യത്. ബനാത്തിൽ അധ്യാപകരായി എ ത്തിയവരാകട്ടെ, ശാന്തപുരം ഇസ്‌ലാമി യാ കോളേജിൽനിന്ന് പഠനം പൂർത്തിയാ ക്കിയവരുമായിരുന്നു. ഇവരുടെ പ്രവർത്ത നങ്ങൾ പ്രസ്ഥാനമാർഗത്തിലും ഉപകാര പ്പെട്ടു. പലിശരഹിത സഹായ നിധികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, മഹല്ല് ഐക്യവേദികൾ തുടങ്ങിയ സംരംഭങ്ങ ളും പ്രസ്ഥാനനേതൃത്വത്തിൽ നില വിൽവന്നു.

### എം.ഐ.ടി

മധ്യകേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് കൂടുതൽ യൂനിറ്റുകളു ള്ളതും പ്രവർത്തകരുള്ളതും കൊടുങ്ങ ല്ലൂർ മേഖലയിലാണ്. മൂവ്മെന്റ് ഓഫ് ഇസ്‌ലാം ട്രസ്റ്റ് (എം.ഐ.ടി) പ്രസ്ഥാന ത്തിന്റെ മറ്റൊരു സംരംഭമാണ്. ആശുപ ത്രി, സ്കൂളുകൾ, ഹോസ്റ്റലുകൾ, പള്ളി കൾ, സ്കോളർഷിപ്പ് വിതരണം തുടങ്ങി യവയാണ് എം.ഐ.ടിക്ക് കീഴിലെ പ്രവർത്തനങ്ങൾ. മലയാളത്തിൽ കുട്ടി കൾക്കായി മുസ്‌ലിംകൾ ആദ്യമായി ഒരു പ്രസിദ്ധീകരണം-*മലർവാടി* മാസിക- തുടങ്ങിയത് എം.ഐ.ടിയാണ്. *മലർവാടി* ആദ്യപ്രതി കൈയിൽ കിട്ടിയപ്പോൾ മല യാള സാഹിത്യത്തിലെ സുൽത്താൻ വൈക്കം മുഹമ്മദ് ബശീർ പറഞ്ഞു: 'നൂറ്റാണ്ടുകൾക്കു ശേഷം മുസ്‌ലിംകൾ ചെയ്ത ബുദ്ധിയുള്ള ഒരു കാര്യം.' *മലർവാടി* പ്രസിദ്ധീകരണം തുടങ്ങിയ തിൽ ബശീർ വല്ലാതെ അഭിമാനിച്ചിരു ന്നു. അദ്ദേഹം സൃഷ്ടികൾ അയച്ചുതന്ന് സഹായിച്ചു. മാത്രമല്ല, പ്രതിഫലമായി നൽകിയ ചെക്ക് തിരിച്ചയക്കുകയും ചെയ്തു. ഒപ്പം ഒരു കുറിപ്പും; 'സാമ്പത്തി കമായി *മലർവാടി* സ്വന്തം കാലിൽ നിന്നുകാണണമെന്നാണാഗ്രഹം. സ്നേ ഹപൂർവം ചെക്ക് തിരിച്ചയക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ, ശുഭം.'

കൊടുങ്ങല്ലൂർ മേഖലയിൽ പ്രസ്ഥാനത്തിന്റെ ഒന്നാം തലമുറയെ തുടർന്ന് വന്ന പിന്മുറക്കാരിലൊരാളാണ് മുൻ കേരള അമീറും ഇപ്പോൾ അഖി ലേന്ത്യാ സെക്രട്ടറിയുമായ കെ.എ സിദ്ദീഖ് ഹസൻ സാഹിബ്.

(തുടരും)

tvmohamedali@yahoo.com